(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 27-4-2000-ലെ സർക്കാർ ഉത്തരവ് നമ്പർ. (പി)13/2000/ഉ.ഭ.വ.വ-ന്റെ 17(ബി) പ്രകാരം മലയോര റിമോട്ട് പ്രദേശങ്ങളിൽ ജോലി നോക്കിയിട്ടുള്ളവർക്ക് സ്ഥലംമാറ്റത്തിനായുള്ള സീനിയോറിറ്റി കാലാവധി നിർണ്ണയിക്കുമ്പോൾ അവരുടെ രണ്ടുവർഷ സേവനം മൂന്നുവർഷമായി പരിഗണിക്കാവുന്നതാണ്. കൂടാതെ 21-2-2005-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.) 504/2005/ആകവ ഖണ്ഡിക 32 പ്രകാരം മലയോര മേഖലകളിലും, ദുർഘട സ്ഥലങ്ങളിലും ഗ്രാമീണ മേഖലകളിലും കുറഞ്ഞത് മൂന്നുവർഷമെങ്കിലും ജോലി ചെയ്ത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. വളന്തക്കാട് പി.എച്ച്.സി.-യെ ദുർഘട ഗ്രാമീണ പ്രദേശങ്ങളിൽ ഉൾപ്പെട്ടതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മേൽ വിവരിച്ച ആനുകൂല്യങ്ങൾ വളന്തക്കാട് പി.എച്ച്.സി.-യിലെ ജീവനക്കാർക്കും അനുവദനീയമാണ്.

(ഇ) ഉണ്ട്.

ഒഴിവുള്ള തസ്തികകൾ

40 (747) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി താലൂക്കാശുപത്രി, കൊപ്പത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) നിത്യേന ആയിരക്കണക്കിന് രോഗികൾ വരുന്ന ഈ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടാമ്പി താലൂക്കാശുപത്രി :

തസ്തികയുടെ പേര്	ഒഴിവുകൾ
മെഡിക്കൽ ഓഫീസർ	3
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - 1	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - 2	1
സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2	1

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊപ്പം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ :

തസ്തികയുടെ പേര്	ഒഴിവുകൾ
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - 2	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	7
ലാബ് ടെക്നീഷ്യൻ	1

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ അഡ്ഹോക്ക് വ്യവസ്ഥയിൽ നികത്തിയിട്ടുണ്ട്. മറ്റ് ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊന്നാനി താലൂക്കിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

41 (748) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്കിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിർമ്മാണ പ്രവൃത്തികൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുപയോഗിച്ച് നടത്തേണ്ട പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ഡി) ആശുപത്രി എന്നേക്ക് ജനങ്ങൾക്ക് തുറന്നു കൊടുക്കാനാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പൊന്നാനി താലൂക്കിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി തുക അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.